(സി) സേഫ് കേരളയുടെ ഭാഗമായി ഇനിയും എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോട്ടൽ മറ്റ് ഭക്ഷ്യ വിതരണ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വക്കുറവും ഭക്ഷ്യ വിതരണ തൊഴിലാളികളിൽ രോഗമുള്ളവരും, മാലിന്യ സംസ്കരണത്തിൽ അപാകതയുള്ളതായും കണ്ടെത്തി. സ്കൂളുകളിൽ അടിസ്ഥാന ശുചിത്വ സൗകര്യങ്ങളുടെ അപാകതയും ശരിയായി ശുചിത്വം പാലിക്കാത്തതും കണ്ടെത്തി. ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലും അടിസ്ഥാന ശുചിത്വ സൗകര്യങ്ങളും കുറവും ശ്രദ്ധയിൽപ്പെട്ടു. സ്റ്റാനിംഗ് സെന്ററുകളിൽ പി.എൻ.ഡി.റ്റി. ആക്ടിൽ വീഴ്ച വരുത്തുന്നതായി കണ്ടെത്തി. വീടുകളിലും സ്ഥാപനങ്ങളിലും പകർച്ചവ്യാധിക്ക് കാരണമാകുന്ന ധാരാളം സാഹചര്യങ്ങൾ കണ്ടെത്തി. സേഫ് കേരള പരിപാടിയുടെ ഭാഗമായി നടത്തിയ പരിശോധനയിൽ ലബോറട്ടറികൾ ശരിയായ യോഗ്യതയില്ലാത്തവരെ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതായും ലാബ് ഉപകരണങ്ങളുടെ കാര്യക്ഷമതാക്കുറവും കാലാവധി കഴിഞ്ഞ റീ ഏജന്റ് ഉപയോഗിക്കുന്നതായും ബയോ മെഡിക്കൽ മാലിന്യം ശരിയായി നിർമ്മാർജ്ജനം ചെയ്യാത്തതായും ഉപകരണങ്ങൾ അണുവിമുക്തി വരുത്താത്തതായും കണ്ടെത്തിയിട്ടുണ്ട്.

(ബി) പരിശോധനാ സമയത്ത് വീഴ്ചകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, പിഴ അടപ്പിക്കുകയും മറ്റ് നിയമ നടപടികൾക്കായി ശിപാശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടിയും സാഹചര്യങ്ങളിലെ അപാകതകൾ കണ്ടെത്തി അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടി സേഫ് കേരളയുടെ ഭാഗമായി സ്വീകരിക്കുന്നതാണ്.

മായം കലർന്ന വെളിച്ചെണ്ണ നിരോധിക്കൽ

4 (4807) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധനയിൽ മായം കലർന്നതായി കണ്ടെത്തിയ എത്ര ബ്രാൻഡ് വെളിച്ചെണ്ണകളാണ് കേരളത്തിൽ നിരോധിച്ചിട്ടുള്ളത്;

(ബി) പാരഫിൻ വാക്സിനു പുറമെ എന്തെല്ലാം പദാർത്ഥങ്ങളാണ് വെളിച്ചെണ്ണയിൽ മായം ചേർക്കാൻ ഉപയോഗിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്;

(സി) കേരളത്തിലേയ്ക്ക് ദിനംപ്രതി വരുന്ന നൂറ് കണക്കിന് ലോഡ് പാരഫിൻ വാക്സ് എന്താവശ്യത്തിനാണ് കൊണ്ടുവരുന്നതെന്ന് കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനയിൽ നാളിതുവരെ 14 ബ്രാൻഡ് വെളിച്ചെണ്ണയാണ് നിശ്ചിത നിലവാരം പുലർത്താത്തതിനെത്തുടർന്ന് സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ളത്.

(ബി) പാരഫിൻ വാക്സിൻ ഉപയോഗിച്ച് വെളിച്ചെണ്ണയിൽ മായം ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പാം കർണൽ ഓയിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടില്ല. ആവശ്യമെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ചുള്ള ആരോഗ്യ കുടുംബക്ഷേമ പദ്ധതികൾ

5 (4808) ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പരിപാടികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ ; സംസ്ഥാന വിഹിതമെത്രയെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly